**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5108** **20-03-2025 - ൽ മറുപടിയ്ക്ക്**

**മുകുന്ദപുരം താലൂക്കിലെ മലയോര കർഷകരുടെ കൈവശ ഭൂമിയുടെ ക്രയവിക്രയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | മുകുന്ദപുരം താലൂക്കിലെ തൃശ്ശൂർ-കല്ലൂർ വില്ലേജുകളിൽ മലയോര കർഷകർക്ക് റബ്ബർ കൃഷിക്കായി വർഷങ്ങൾക്കുമുമ്പേ അനുവദിച്ചു കിട്ടിയ സ്ഥലം കൈമാറുന്നതിനോ ഭൂമിയുടെ ആർ.ഒ.ആർ. ചെയ്തു കിട്ടുന്നതിനോ സമീപ വർഷങ്ങളിലായി സാധിക്കാത്തതുമൂലം കർഷർക്കുണ്ടായിട്ടുള്ള വിഷമതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഭൂമിയിൽ പട്ടയ നിർദ്ദേശ പ്രകാരം ഇക്കാലമത്രയും റബ്ബർ കൃഷി ചെയ്ത് പോന്നതും അന്നുമുതൽ ഇക്കാലയളവുവരെ കൈവശം വച്ചിട്ടുള്ളതുമായ ഭൂവുടമകൾക്ക് ഭൂമി ക്രയവിക്രയം നടത്തുന്നതിനും ആയതിന്റെ പോക്ക് വരവ് ചെയ്തു കൊടുക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | 1960 ലെ റബ്ബർ കൃഷിക്കായി ഭൂമി പതിച്ചു നൽകൽ പ്രത്യേക ചട്ടങ്ങൾ പ്രകാരമാണ് സർക്കാർ ഭൂമി റബ്ബർ കൃഷിക്കായി അനുവദിച്ചിരുന്നത്. റബ്ബർ കൃഷിക്കായി വനം വകുപ്പ് നൽകിയ ഭൂമി ലൈസൻസ്, പൊതു ലേലം എന്നീ രണ്ട് മാർഗ്ഗങ്ങളിലൂടെയാണ് കൈമാറിയിരുന്നത്. ഇങ്ങനെ കൈമാറിക്കിട്ടിയ ഭൂമി കൈമാറ്റം ചെയ്യുന്നതിനുള്ള വ്യവസ്ഥ പ്രസ്തുത ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടില്ല. ആയതിനാൽ ഇത്തരത്തിൽ സിദ്ധിച്ച ഭൂമി നിലവിൽ കൈമാറ്റം ചെയ്യുവാൻ കഴിയില്ല. ഇക്കാര്യം റവന്യൂ മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന 129-ആം റവന്യൂ സെക്രട്ടറിയേറ്റ് യോഗത്തിൽ ചർച്ച ചെയ്തതിനെ തുടർന്ന് ഭൂമി കൈമാറ്റം ചെയ്യുന്നതിനുള്ള തടസ്സം പരിഹരിക്കുന്നതിനായുള്ള നിർദ്ദേശം ഉൾക്കൊള്ളിച്ചുകൊണ്ട് ലാൻഡ് റവന്യൂ കമ്മിഷണർ 11/03/2025ലെ LR/13186/2023-LR(J7) നമ്പർ കത്ത് പ്രകാരം സമർപ്പിച്ച പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടുണ്ട്.വിഷയം പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ